**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1491** **07-10-2021 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | റവന്യൂ വകുപ്പിൽ സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും നൽകാത്തതുമൂലം സീനിയർ ക്ലാർക്ക് മുതൽ ഡെപ്യൂട്ടി തഹസീൽദാർ വരെയുള്ള വിവിധ തസ്തികകളിലായി നിരവധി ഒഴിവുകൾ നികത്തപ്പെടാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | റവന്യൂ വകുപ്പിൽ സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും നൽകാത്തതുമൂലം തഹസീൽദാർ തസ്തികയിൽ 12 ഒഴിവുകളും ഡെപ്യൂട്ടി തഹസീൽദാർ തസ്തികയിൽ 198 ഒഴിവുകളും വില്ലേജ് ഓഫീസർ/ ഹെഡ് ക്ലാർക്ക്/ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ 34 ഒഴിവുകളും സീനിയർ ക്ലാർക്ക് തസ്തികയിൽ 177 ഒഴിവുകളും നിലവിലുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പിൽ പ്രൊമോഷനുകൾ നടപ്പിലാക്കാത്തതുമൂലം താഴെ തട്ടിൽ എൽ.ഡി.സി. വേക്കൻസികൾ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തരമായി എൽ.ഡി.സി. വേക്കൻസികൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | റവന്യൂ വകുപ്പിൽ പ്രൊമോഷൻ നടക്കാത്തതുമൂലം എൽ.ഡി.സി ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രൊമോഷന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ ഓരോ തസ്തികയിലുമുള്ള ഒഴിവുകൾ 08/06/2021 തീയതിയിലെ സ.ഉ.(കൈ) നം.13/2021/ഉ.ഭ.പ.വ, 30/07/2021 തീയതിയിലെ സ.ഉ.(സാധാ) നം.2488/21/റവ എന്നീ ഉത്തരവുകൾ പ്രകാരം ഡീകേഡർ ചെയ്ത് എൻടി കേഡറിലാക്കി 340 ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. നിയമന ശുപാർശ നൽകിയവർക്ക് നിയമനം നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ